പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 194 — 19.06.2012 - ൽ മറുപടിക്ക്

## സൗരോർജ്ജ തീയറ്ററുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. എ. വാഹിദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. എ.റ്റി. ജോർജ്ജ് | | ശ്രീ.കെ. ബി. ഗണേഷ് കുമാർ<br>(ബഹു: വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) ചലച്ചിത്ര വികസന കോർപ്പറേഷൻെറ ഉടമസ്ഥതയിലുള്ള തീയറ്ററുകൾ സൗരോർജ്ജം ഉപയോഗിക്കുന്ന രീതിയിലേയ്ക്ക് മാറ്റുവാൻ ആലോചിച്ചിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;<br><br>സി ഇത് സംബന്ധിച്ച് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;<br><br>ഡി) ചലച്ചിത്രവികസന കോർപ്പറേഷൻെറ ഓഫീസുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | എ) യും ബി) യും സി) യും ഡി) യും | ചലച്ചിത്ര വികസന കോർപ്പറേഷൻെറ കീഴിലുള്ള തീയേറ്ററുകളിൽ ഊർജ്ജ സംരക്ഷണത്തിൻെറ ഭാഗമായി സൗരോർജ്ജം ഉപയോഗിക്കുന്നതിന് പ്രാഥമിക തലത്തിലുള്ള ആലോചന നടന്നിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടികൾ പുരോഗമിച്ചു വരുന്നു. എന്നിരുന്നാലും ചലച്ചിത്ര വികസന കോർപ്പറേഷൻെറ തീയറ്ററുകളിലും ഓഫീസുകളിലും മറ്റു അനുബന്ധ സ്ഥാപനങ്ങളിലും ഊർജ്ജ സംരക്ഷണം ലക്ഷ്യമാക്കി സൗരോർജ്ജം അടക്കമുള്ള ബദൽ ഊർജ്ജ സ്രോതസ്സുകളെ കൂടുതലായി ആശ്രയിക്കുന്നതിനുള്ള ക്രിയാത്മകമായ ചുവടുവയ്പ്പുകൾക്ക് സർക്കാർ മുൻഗണന നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ